പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 4897 05.02.2014 ൽ മറുപടിയ്ക്ക്

## ഗ്രാമ പഞ്ചായത്തുകളിലെ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ നിയമനം

**ചോദ്യം**

ശ്രീ. എം. ഉമ്മർ

**ഉത്തരം**

ഡോ. എം.കെ. മുനീർ
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) ഗ്രാമപഞ്ചായത്തുകളിലെ ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിക്കാനുള്ള ഉത്തരവ് എന്നാണ് പുറപ്പെടുവിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | എ) 27.06.2012 ലെ സ.ഉ.(സാധാ) നം.1772/2012/ തസ്വഭവ പ്രകാരമാണ് ഗ്രാമപഞ്ചായത്തുകളിൽ ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിക്കുന്നതിന് ഉത്തരവായിട്ടുള്ളത്. |
| ബി) പ്രസ്തുത ഉത്തരവ് പ്രകാരം ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ വിദ്യാഭ്യാസ യോഗ്യത എന്താണെന്ന് അറിയിക്കാമോ; | ബി) പ്രസ്തുത ഉത്തരവ് പ്രകാരം ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ വിദ്യാഭ്യാസ യോഗ്യത താഴെപ്പറയുന്ന വിധമാണ്:<br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്/ ഐ.എച്ച്.ആർ.ഡി/ കേരള സർക്കാർ നൽകുന്ന കമ്പ്യൂട്ടർ എൻജിനീയറിംഗ് / കമ്പ്യൂട്ടർ ഹാർഡ് വെയർ മെയിന്റനൻസ് / ഇൻഫർമേഷൻ ടെക്നോളജി ത്രിവൽസര ഡിപ്ലോമ.<br>അല്ലെങ്കിൽ<br>ഏതെങ്കിലും ബിരുദം നേടിയ ശേഷം ഏതെങ്കിലും സർവകലാശാല / ടെക്നിക്കൽ എഡ്യൂക്കേഷൻ കൺട്രോളർ/ഐ.എച്ച്.ആർ.ഡി/ എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി-ൽ നിന്നുള്ള 3 സെമസ്റ്ററിൽ കുറയാത്ത മുഴുവൻ സമയ പി.ജി.ഡി.സി.എ / പി.ഡി.എസ്.ഇ<br>അല്ലെങ്കിൽ<br>കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ബിരുദം (ബി.സി.എ)<br>അല്ലെങ്കിൽ |

| | | | |
|---|---|---|---|
| | | | ഭാരത സർക്കാരിന്റെ ഡിഇഎസിസി-ൽ നിന്നുള്ള എ/ബി ലെവൽ സർട്ടിഫിക്കറ്റ്<br><br>അല്ലെങ്കിൽ<br><br>ബി.ടെക് /ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്<br><br>അല്ലെങ്കിൽ<br><br>ഇലക്ട്രാണിക് ഡാറ്റാ പ്രോസസിംഗിലും കമ്പ്യൂട്ടർ ആപ്ലിക്കേഷനിലുമുള്ള ബിരുദം<br><br>ഇതു കൂടാതെ 24.08.2012 – ലെ സ.ഉ.(സാധാ) നം. 2460/2012/തസ്വഭവ പ്രകാരം 'ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് - കേരള' നൽകുന്ന ഒരു വർഷ മുഴുവൻ സമയ 'പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇ-ഗവേണൻസ്,' 19.04.2013-ലെ സ.ഉ.(സാധാ) നം.1044/2013/തസ്വഭവ പ്രകാരം 60% ത്തിൽ കൂടുതൽ മാർക്കോടു കൂടിയ ബിരുദത്തോടൊപ്പം എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി നടത്തുന്ന ഒരു വർഷ പി.ജി.ഡി.സി.എ/ പി.ഡി.എസ്.ഇ കോഴ്സ് അല്ലെങ്കിൽ ഐ എച്ച് ആർ ഡി അല്ലെങ്കിൽ സി-ഡിറ്റ് നടത്തുന്ന ഒരു വർഷത്തെ പി.ജി.ഡി.സി.എ/ പി.ഡി.എസ്.ഇ കോഴ്സ് എന്നീ യോഗ്യതകൾ കൂടി ഉൾപ്പെടുത്തി ഭേദഗതി ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. |
| സി) | ഇവർക്ക് നൽകി വരുന്ന പ്രതിഫലവും ആനുകൂല്യവും എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ; | സി) | ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് പ്രതിമാസ വേതനമായി **13,500/-** രൂപയാണ് നൽകി വരുന്നത്. |
| ഡി) | ടെക്നിക്കൽ അസിസ്റ്റന്റു മാർക്ക് ഏതെല്ലാം അവധി കൾക്ക് അർഹതയുണ്ട്; | ഡി) | ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് അവധി അനുവദിച്ചു കൊണ്ട് പ്രത്യേക ഉത്തരവു കളൊന്നും ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടില്ല. |

| | |
|---|---|
| ഇ) ഇവർക്ക് ആർജ്ജിതാവധി, പ്രസവാവധി, ആകസ്മിക അവധി എന്നിവ അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | ഇ) ഈ വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ